**നമ്പർ. 782/പാർല/2021/നിയമം** **നിയമ (പാർല) വകുപ്പ്**

# പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 825** **14.01.2021- ൽ മറുപടിക്ക്**

**<u>നിയമ അവബോധം സൃഷ്ടിക്കുന്നത് സംബന്ധിച്ച്</u>**

**ചോദ്യം** **മറുപടി**

പ്രൊഫ . കെ. യു. അരുണൻ

**ശ്രീ. എ. കെ. ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ-ക്ഷേമവും നിയമവും സാംസ്‌ക്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| എ) | പൊതുജനങ്ങളിൽ നിയമ അവബോധം സൃഷ്ടിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വളരെ പ്രാധാനപ്പെട്ടതും കാലികവുമായ സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും വിധിന്യായങ്ങൾ പരിഭാഷപ്പെടുത്തി 'നിയമധ്വനി' എന്ന പേരിൽ ഒരു നിയമ ജേർണൽ നിയമ വകുപ്പിൽ നിന്നും പ്രസിദ്ധീകരിച്ചു വരുന്നു. കൂടാതെ പുതുതായി നിലവിൽ വരുന്ന നിയമങ്ങളുടെയും ചട്ടങ്ങളുടെയും ഉള്ളടക്കം സംഗ്രഹരൂപത്തിൽ ലളിതമായ ഭാഷയിൽ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി 'നിയമധ്വനി' യിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>നിയമവകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന നിയമസേവന അതോറിറ്റിയും അനുബന്ധ സ്ഥാപനങ്ങളും എല്ലാ ജില്ലകളിലും നിയമാവബോധന ക്ലാസ്സുകൾ നടത്തിവരുന്നു. ഓരോ താലൂക്കിലും താലൂക്ക് നിയമ സേവന കേന്ദ്രങ്ങളും കൂടാതെ ജില്ലാ നിയമസേവന കേന്ദ്രങ്ങളും സെമിനാറുകളും ക്യാമ്പുകളും സംഘടിപ്പിക്കുകയും അർഹതപ്പെട്ടവർക്ക് നിയമ സഹായവും പൊതുജനങ്ങൾക്ക് നിയമങ്ങളെ കുറിച്ച് അടിസ്ഥാനവിവരങ്ങളും നൽകുന്നതിനായി ക്ലാസുകളും സംഘടിപ്പിച്ച് വരുന്നു. നിലവിലുള്ള കോവിഡ്-19 സാഹചര്യത്തിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്ര |

| | | |
|---|---|---|
| | | ണങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സെമിനാറുകൾ വഴി സർക്കാർ, സർക്കാരിതര സ്ഥാപന ങ്ങളുമായി ചേർന്ന് നിയമാവബോധന ക്ലാസ്സുകളും നടത്തി വരുന്നു. കൂടാതെ നിയമവകുപ്പിന്റെ ഭരണനിയന്ത്രണ ത്തിലുള്ള മറ്റൊരു സ്ഥാപനമായ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പൊതുജനങ്ങളിൽ നിയമ അവബോധം സൃഷ്ടിക്കുന്നതിനായി സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽ അദാലത്തുകളും സെമി നാറുകളും നടത്തിവരുന്നു. ആദിവാസികളുടെ ഇടയിൽ നിയമ അവബോധം സൃഷ്ടിക്കുന്നതിനായി വയനാട്, പാലക്കാട്, ഇടുക്കി ജില്ലകളിൽ ആദിവാസി സമ്മേ ളനങ്ങൾ നടത്തിയിട്ടുണ്ട്. മനുഷ്യാവകാശ ദിനവുമായി ബന്ധപ്പെട്ട് നിയമവിദ്യാർത്ഥി കൾ, നിയമ മേഖലയിലെ വിദഗ്ദ്ധർ, പൊതുജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി സെമിനാറുകൾ നടത്താറുണ്ട്. മനുഷ്യാ വകാശ നിയമവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അവബോധം നൽകുന്നതിന്റെ ഭാഗമായി നിയമ വിദ്യാർത്ഥികൾക്ക് കമ്മീഷനിൽ ഇന്റേൺഷിപ്പ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.കൂടാതെ നിയമ വിദ്യാർത്ഥികൾക്കായി മനുഷ്യാവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയ ങ്ങളിൽ ക്വിസ് മത്സരവും നടത്താറുണ്ട്. |
| ബി) | നിയമങ്ങൾ മലയാളഭാഷയിൽ ലളിതമായി പൊതുജനങ്ങളിൽ എത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | കേരള നിയമസഭയുടെ നടപടി ക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളി ലെ ചട്ടം 69 (2) പ്രകാരം ഇംഗ്ലീഷിൽ അധിനിയമം ചെയ്യപ്പെട്ട പ്രധാന ആക്ടിന്റെ ഭേദഗതി ഒഴികെയുള്ള എല്ലാ ബില്ലുകളും നിലവിൽ മലയാള ഭാഷയിലാണ് പ്രസിദ്ധീകരിക്കുന്നതും തുടർന്ന് നിയമമായി ത്തീരുന്നതും. പ്രധാന ആക്ട് ഇംഗ്ലീഷി ലുള്ളവയുടെ ഭേദഗതി നിയമം ഇംഗ്ലീഷിലാണ് പ്രസിദ്ധീകരിക്കുന്നതെങ്കിലും ആയതിന്റെ മലയാള പരിഭാഷയും പ്രസിദ്ധീകരിക്കാറുണ്ട്. കേന്ദ്രനിയമങ്ങളുടെ മലയാളത്തിലുള്ള ആധികാരിക പരിഭാഷ നിർവ്വഹിച്ച് പ്രസിദ്ധീകരിക്കുന്നതിനായി ഔദ്യോഗിക ഭാഷ (നിയമനിർമ്മാണ) കമ്മീഷൻ എന്ന ഒരു |

| | | |
|---|---|---|
| | | സംവിധാനവും നിലവിലുണ്ട്.<br>കൂടാതെ നിയമവകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള സ്ഥാപനമായ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, മനുഷ്യാവകാശ കമ്മീഷൻ ആക്ട്, റൂൾസ്., റെഗുലേഷനുകൾ എന്നിവയുടെ മലയാള പരിഭാഷ ഉൾപ്പെടുത്തിയ കൈപുസ്തകങ്ങൾ പൊതുജനങ്ങളുടെ ഉപയോഗത്തിനായി തയ്യാറാക്കിയിട്ടുണ്ട്. ഹ്യൂമൻ റൈറ്റ്സ് ബുള്ളറ്റിൻ എന്ന പേരിൽ കമ്മീഷൻ ഒരു വാർത്താപത്രിക പ്രസിദ്ധീകരിക്കുന്നതിൽ കമ്മീഷന്റെ പ്രധാന ഉത്തരവുകൾ ഉൾപ്പെടുത്തുന്നുണ്ട്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ